QP CODE: 23002684

23002684

Reg No : .....................

Name : .....................

# M A DEGREE (CSS) EXAMINATION, MARCH 2023

## Third Semester

Faculty of Language and Literature

M A MALAYALAM

## CORE - ML010303 - MALAYALA NIROOPANAM

2019 ADMISSION ONWARDS

DCF318B8

Time: 3 Hours

Weightage: 30

### Part A (Short Answer Questions)

*Answer any **eight** questions.*

*Weight **1** each.*

1. പ്രാസവാദത്തിന് ഭാവുകത്വപരമായുള്ള പ്രാധാന്യം എന്താണ്?
2. കേസരി അവതരിപ്പിച്ച നവലോക സങ്കല്പം എന്താണ്?
3. നളിനി ഒരു പുതിയ പ്രസ്ഥാനമാണെന്നു പറയുന്നത് എന്തുകൊണ്ട്?
4. 'പുരോഗമന സാഹിത്യസംഘത്തോട് വിമർശനാത്മകമായ നിലപാടാണ് മാരാർ സ്വീകരിച്ചത്' ഈ അഭിപ്രായത്തെ വിമർശനാത്മകമായി പരിശോധിക്കുക.
5. ജീവൽസാഹിത്യം ഇന്നത്തെ സ്ഥിതിക്ക് ഒരത്യാവശ്യമാണെന്ന് ഇ.എം.എസ്. പറയുന്നതെന്തുകൊണ്ട്?
6. ഇന്ദുലേഖ ഒരു നൂറ്റാണ്ടു പിന്നിടുമ്പോൾ അവളുടെ പിന്മുറക്കാരുടെ സ്ഥിതി എന്തെന്നു പരിശോധിക്കുക.
7. എം.എൻ. വിജയന്റെ നിരൂപണലോകം വിലയിരുത്തുക.
8. അനുഭൂതികളുടെ ചരിത്രപരത എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
9. മാധ്യമനിരൂപണത്തിന്റെ സവിശേഷതകൾ പരിശോധിക്കുക.
10. ബഹുസ്വരത എന്നതുകൊണ്ട് വിവക്ഷിക്കുന്നതെന്ത്?

(8×1=8 weightage)

### Part B (Short Essay/Problems)

*Answer any **six** questions.*

*Weight **2** each.*

11. സിംബോളിസം എന്ന ലേഖനത്തിലൂടെ കേസരി മുന്നോട്ടുവയ്ക്കുന്ന പ്രധാന ആശയങ്ങൾ ക്രോഡീകരിക്കുക.

12. രൂപഭദ്രതാവാദം, കല കലയ്ക്കുവേണ്ടി എന്നീ വാദങ്ങൾ മലയാളനിരൂപണരംഗത്തു വരുത്തിയ മാറ്റങ്ങൾ പരിശോധിക്കുക.

13. സാഹിത്യകൃതികളുടെ സാമൂഹികപ്രയോജനത്തെക്കുറിച്ച് മലയാളനിരൂപണരംഗത്ത് രൂപപ്പെട്ട സംവാദാത്മകത പരിശോധിക്കുക.

14. മലയാളത്തിലെ അക്കാദമികവിമർശനത്തിന്റെ മാതൃകകൾ പരിചയപ്പെടുത്തുക.

15. *നിരൂപണ രംഗത്തെ സച്ചിദാനന്ദന്റെ സ്വതന്ത്രമായ സംഭാവനകളെ രേഖപ്പെടുത്തുക.*

16. പാരിസ്ഥിതിക സൌന്ദര്യശാസ്ത്രം സാകല്യാത്മക സമീപനമാണെന്ന ചിന്തയുടെ പ്രസക്തിയെന്ത്?

17. ഉത്തരാധുനിക വിമർശനപദ്ധതി സാഹിത്യാസ്വാദനത്തേക്കാൾ സാംസ്കാരിക പ്രാതിനിധ്യം വഹിക്കുന്നവയാണ് - വിശദമാക്കുക.

18. ദളിത് വാദ വിമർശനത്തിന്റെ സവിശേഷതകൾ മാതൃകകളെ മുൻനിർത്തി ചർച്ചചെയ്യുക.

(6×2=12 weightage)

**Part C (Essay Type Questions)**

*Answer any **two** questions.*

*Weight **5** each.*

19. 'പത്രമാസികകളിലാണ് ആദ്യകാല മലയാളനിരൂപണത്തിന്റെ ജീവനാഡി' എന്ന അഭിപ്രായത്തെ മുൻനിർത്തി ആദ്യകാല മലയാളനിരൂപണത്തിൽ പത്രമാസികകളുടെ പങ്കിനെക്കുറിച്ച് ഉപന്യസിക്കുക.

20. പുരോഗമന സാഹിത്യപ്രസ്ഥാനം മലയാളനിരൂപണത്തിൽ ചെലുത്തിയ സ്വാധീനം ചർച്ചചെയ്യുക.

21. സ്ഥാപനവൽക്കരിക്കപ്പെട്ട ആശയാവിഷ്കാരങ്ങളോടുള്ള എതിർപ്പാണ് ആധുനിക സാഹിത്യവും വിമർശനവും - ഈ അഭിപ്രായത്തിന്റെ സാധുത നിരൂപണാത്മകമായി പരിശോധിക്കുക.

22. ദളിത് വാദ നിരൂപണത്തിന്റെ സാംസ്കാരികതലം വിമർശനാത്മകമായി വിലയിരുത്തുക.

(2×5=10 weightage)